# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. LII - JK 29 | 2019 MAY 19 | No. 7


# PASTORAL LETTER

# ഭൂമി: ദൈവത്തിന്റെ വരദാനം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ഈ വർഷത്തെ നമ്മുടെ അതിരൂപതാ മതബോധന കമ്മീഷന്റെ ആപ്തവാക്യം 'ഭൂമി: ദൈവത്തിന്റെ വരദാനം' എന്നുള്ളതാണല്ലോ.

ഉൽപ്പത്തി പുസ്തകത്തിൽ പിതാവായ ദൈവം സൃഷ്ടിയുടെ മകുടമായ മനുഷ്യനെ വാർത്തെടുക്കും മുൻപ് അവനു ജീവസന്താര ണത്തിന് വേണ്ട പ്രകൃതിയെ അണിയിച്ചൊരുക്കുന്നതായി വേദ പുസ്തകം സാക്ഷ്യപ്പെടുത്തുന്നു. ഇങ്ങിനെ അണിയിച്ചൊരുക്കിയ എദൻ തോട്ടത്തിലാണ് ദൈവം അവനെ പാർപ്പിച്ചത്.

ദൈവം മനുഷ്യന് ആദ്യം നൽകുന്ന കൽപ്പന പ്രകൃതിയിലെ ഒരു വിഭവം ഭക്ഷിക്കരുത് എന്നാണ്. ഭൂമിയിൽ അരുത് എന്ന് കൽപ്പനയുടെ ലംഘനം മൂലം ആദ്യപാപം ഉൽഭവിക്കുന്നു. നീരുറവകളിൽ ദൈവത്തിന്റെ സാന്നിദ്ധ്യം വിളിച്ചോതുന്ന സന്ദർഭ ങ്ങൾ വചനത്തിൽ നാം കണ്ടുമുട്ടുന്നു. രാത്രി മുഴുവൻ ചൂടു കാറ്റ് വീശി ചെങ്കടൽ രണ്ടായി പിളർത്തി ദൈവം ഇസ്രയേൽ ജനത്തിന്

പാത ഒരുക്കുന്നു. പുതിയനിയമത്തിൽ വീശിയടിക്കുന്ന കൊടുങ്കാറ്റിനെ യേശു ശാന്തമാക്കുന്നു.

പ്രകൃതിയിലൂടെ ദൈവം നമ്മോട് എപ്പോഴും സംസാരിക്കുന്നു. മരുഭൂമിയിൽ മന്ന പൊഴിച്ചും, ഇസ്രായേൽ ജനത്തിന് ഭക്ഷണമായി കാടപ്പക്ഷികളെ നൽകിക്കൊണ്ടും നന്മയുടെ സന്ദേശം നൽകുമ്പോൾ, പാപം ചെയ്ത മനുഷ്യന് മഹാപ്രളയവും, സോദോം ഗൊമോറയിലെ അഗ്നിയും മുന്നറിയിപ്പുകളായി നമ്മുടെ മുന്നിൽ നിൽക്കുന്നു.

കാലം തെറ്റാതെ വന്നിരുന്ന കാലവർഷവും, തുലാവർഷവും, ധനുമാസത്തിലെ കുളിരും, മകരത്തിലെ ചൂടും ഇന്ന് മനസ്സിലെ ഓർമ്മയായി മാത്രം അവശേഷിക്കുന്നു. കഴിഞ്ഞ ആഗസ്റ്റ് മാസത്തിലെ പ്രളയക്കെടുതിയും, ഈ വർഷത്തെ കൊടും വേനലും നമ്മെ നോക്കി പരിഹസിക്കുമ്പോൾ ദൈവത്തിന്റെ പാദപീഠമായ ഭൂമി മനുഷ്യനെ നോക്കി വിധിക്കും - പ്രകൃതി വിഭവങ്ങളുടെ, പ്രകൃതിയുടെ തന്നെ ചൂഷണം കൊണ്ട് ഉണ്ടായ ദുരന്തങ്ങളല്ലേ ഇവയൊക്കെ എന്ന്.

'ആകാശം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവുമാണ്' (ഏശയ്യ 66: 1). സീനായ് മലമുകളിൽ ദൈവം അരുൾചെയ്തതു എന്റെ പാദം സ്പർശിച്ച ഈ സ്ഥലം പവിത്രമാണ്. നിന്റെ ചെരുപ്പുകൾ അഴിച്ചുമാറ്റുക എന്ന്. ദൈവം വസിക്കുന്ന ഭൂമി സ്വർഗ്ഗമാണ്. ഈ സ്വർഗ്ഗത്തിന്റെ കാവൽക്കാരായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ പ്രകൃതിക്കെതിരായി ചെയ്യുന്ന ഏതു പ്രവർത്തിയും പാപമാണ്.

ദൈവം സമ്മാനിച്ചിരിക്കുന്ന ഈ ഭൂമിയിലെ പ്രകൃതി വിഭവങ്ങളുടെ ശരിയായ വിനിയോഗം പഠിക്കുന്നതും, പഠിപ്പിക്കുന്നതും, പ്രാവർത്തികമാക്കുന്നതും മറ്റൊരു സുവിശേഷപ്രഘോഷണമാണ്. പരിസ്ഥിതി വിജ്ഞാനീയത്തിന്റെ മേഖലയിൽ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാവരുടെയും സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസീസ്, കൂടെ പാർക്കുന്ന സഹോദരിയും, ഓമനിച്ച് ആശ്ലേഷിക്കുന്ന സ്നേഹമുള്ള അമ്മയുമായാണ് പ്രകൃതിയെ ഉപമിക്കുന്നത്. 'അങ്ങേയ്ക്ക് സ്തുതി' എന്ന ചാക്രീക ലേഖനത്തിൽ ഫ്രാൻസിസ് പാപ്പ വ്യക്തികളെയും, കുടുംബങ്ങളെയും, ദേശിയ പ്രാദേശീക സമൂഹങ്ങളെയും പാരിസ്ഥിതിക മാനസാന്തരത്തിനായി ക്ഷണിക്കുന്നു.



ക്രൈസ്തവർക്ക് സൃഷ്ടിയോടും പ്രകൃതിയോടുമുള്ള ഉത്തരവാദിത്വം അവരുടെ വിശ്വാസത്തിന്റെ ഭാഗം തന്നെയാണ് എന്ന് വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നു.

'നിന്നെ പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന കൽപ്പനയുടെ ലംഘനമാണ് പ്രകൃതി വിഭവങ്ങളുടെ തെറ്റായ വിനിയോഗം മൂലം നാം ചെയ്യുന്നത്. നാം ചെയ്യുന്ന തെറ്റായ പ്രവർത്തികൾ കൊണ്ട് അയൽക്കാരന്റെ അവകാശം നാം കവർന്നെടുക്കുന്നു. മരുഭൂമിയായിരുന്ന ഗൾഫ് നാടുകൾ ജലത്തിന്റെയും ഭൂമിയുടെയും ശരിയായ ഉപയോഗം കൊണ്ട് പച്ചപുതച്ച് കിടക്കുന്ന മനോഹരമായ കാഴ്ച നാം കാണുമ്പോൾ, നമ്മുടെ മനോഹരമായ കൊച്ചു കേരളം വരൾച്ചയുടെയും, പ്രളയത്തിന്റെയും ചുഴിയിൽപ്പെട്ട് പേടിച്ച് വിറങ്ങലിച്ച് നിൽക്കുന്ന അവസ്ഥയും നാം കാണുന്നു. ഇനിയും നാം ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ അതിന്റെ തിക്തഫലങ്ങൾ നാം അനുഭവിക്കേണ്ടിവരും.

കാലാവസ്ഥാവ്യതിയാനം, ജലദൗർലഭ്യം, ജൈവസമ്പത്തുകളുടെ നാശം, വായു മലിനീകരണം എന്നീ വിപത്തുകൾക്കെതിരെ ഉണർന്ന് പ്രവർത്തിക്കുവാൻ നമുക്ക് കടമയുണ്ട്. ജലം, വായു, മണ്ണ് എന്നിവ പുണ്യസങ്കേതങ്ങളായി കരുതി ഇവയ്ക്കെതിരെയുള്ള മലിനീകരണത്തെക്കുറിച്ചുള്ള ബോധവൽകരണം യുവതലമുറയ്ക്ക് നൽകുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമായതുകൊണ്ടാണ് 'ഭൂമി: ദൈവത്തിന്റെ വരദാനം' ഈ വർഷത്തെ മതബോധന വിഭാഗത്തിന്റെ ആപ്തവാക്യമായി നാം തെരഞ്ഞെടുത്തത്. നിത്യജീവിതത്തിലെ പ്രവർത്തികൾ മൂലം പ്രകൃതിക്കു സംഭവിക്കുന്ന മലിനികരണം ഒരു വലിയ തിന്മയാണ് എന്ന സന്ദേശം യുവതലമുറയ്ക്ക് എത്തിച്ചു കൊടുക്കുക എന്നത് മതബോധന വിഭാഗത്തിന്റെ വലിയ ഉത്തരവാദിത്വമായി ഞാൻ കരുതുന്നു. വൃക്ഷങ്ങളെയും സസ്യ-ജീവജാലങ്ങളെയും നട്ടുവളർത്തുവാനും, സംരക്ഷിക്കുവാനും, നമ്മുടെ കുട്ടികളെയും, യുവതലമുറയെയും സജ്ജമാക്കണം. പ്രകൃതിയെ നശിപ്പിക്കുന്ന പ്ലാസ്റ്റിക്ക് പോലുള്ള ഉൽപന്നങ്ങളുടെ ഉപയോഗം ഇല്ലാതാക്കുന്നതും പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമാണ്. മതാധ്യാപകരും, മാതാപിതാക്കളും, ഇടവകകളിൽ നേതൃത്വസ്ഥാനത്ത് ഉള്ളവരും പ്രകൃതി

സംരക്ഷണപ്രവർത്തനങ്ങളിൽ കുട്ടികൾക്കും യുവജനങ്ങൾക്കും നല്ല മാതൃകകളാകണം. എല്ലാ ഇടവകകളിലും 'ഗ്രീൻ പ്രോട്ടോക്കോൾ' നടപ്പിലാക്കണം. ഇതിനു വേണ്ടി ഈ അദ്ധ്യയനവർഷം നമ്മുടെ അതിരൂപതയിലെ ഒരോ യുണിറ്റും അതാത് പ്രദേശത്തിന്റെ ആവശ്യകതയും പ്രത്യേകതയും അനുസരിച്ച് മലിനീകരണത്തെ പ്രതിരോധിക്കാൻ ക്രിയാത്മകമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്. വീടുകളിലും, പൊതുസ്ഥലങ്ങളിലും, അടുക്കളത്തോട്ടം, പൂന്തോട്ടം എന്നിവ നിർമ്മിക്കുവാനും, തണലും പ്രാണവായുവും സമ്മാനിക്കുന്ന മരങ്ങൾ വച്ചു പിടിപ്പിക്കാനും ഞാൻ നമ്മുടെ വിദ്യാർത്ഥി വിദ്യാർത്ഥിനികളോടും യുവതീ യുവാക്കളോടും ആഹ്വാനം ചെയ്യുന്നു. ഇതിലൂടെ സുവിശേഷ പ്രഘോഷണത്തിന്റെ നല്ലൊരു സാക്ഷ്യം സമൂഹത്തിന് നൽകാനാകും.

അപ്പോസ്തലീകമായി എന്നിൽ നിക്ഷിപ്തമായിട്ടുള്ള സുവിശേഷ പ്രഘോഷണദൗത്യത്തിന്റെ സഹകാരികളായി വർത്തിക്കുന്ന അതിരൂപതാ മതബോധനഡയറക്ടർ, വിവിധ ഫൊറോന ഡയറക്ടർമാർ, വൈദികർ, സന്യസ്തർ, സെമിനാരിവിദ്യാർഥികൾ, പ്രൊമോട്ടർമാർ, പ്രധാനാദ്ധ്യപകർ, അധ്യാപകർ, പി.റ്റി.എ. എന്നിവരെ സ്നേഹത്തോടെ ഞാൻ അഭിനന്ദിക്കുകയും അനുഗ്രഹാശംസകൾ നേരുകയും ചെയ്യുന്നു.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2019 മെയ് 19-ാം തീയതി.

എറണാകുളം
19.05.2019

***✠ ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2019 മെയ് 26-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**



## സർക്കുലർ - 19
# 53-ാം ലോക സമ്പർക്ക മാധ്യമദിനം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ഈ വർഷം മാധ്യമദിനം ഭാരതമൊട്ടാകെ ആഘോഷിക്കുന്നത് ജൂൺ 2-ാം തീയതി ഞായറാഴ്ചയാണ്. ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നല്കുന്ന സന്ദേശം ഇതോടൊപ്പം അയക്കുന്നു. **ഈ സന്ദേശത്തിലെ ആശയങ്ങൾ 2019 ജൂൺ 2-ാം തീയതി ദിവ്യബലി മദ്ധ്യേ സംക്ഷിപ്തമായി വിശ്വാസികളോട് പങ്കുവയ്ക്കേണ്ടതാണ്.**

വരാപ്പുഴ അതിരൂപതയുടെ മുഖപത്രമായ 'ജീവദീപ്തി' നമ്മുടെ എല്ലാ ഇടവകകളിലെയും പരമാവധി എല്ലാ വീടുകളിലും എത്തിക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടാകണമെന്നും കേരള ലത്തീൻ കത്തോലിക്ക സഭയുടെ മാധ്യമശബ്ദമായ 'ജീവനാദ'ത്തിന്റെ പ്രചാരം വർദ്ധിപ്പിക്കാൻ പരിശ്രമിക്കണമെന്നും ഈ അവസരത്തിൽ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

മാധ്യമദിനത്തിലെ ദിവ്യബലി സമയത്ത് കെ.സി.ബി.സി മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി മാധ്യമദിന സ്തോത്രക്കാഴ്ച പതിവുപോലെ എടുക്കണമെന്നും ആ തുക അതിരൂപത കച്ചേരിയിൽ ഏൽപിക്കേണ്ടതാണെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2019 മെയ് 19-ാം തീയതി.

***✠ ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# ലോക മാധ്യമദിനസന്ദേശം 2019

## നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (എഫേ 4:25)

## സാമൂഹിക നെറ്റുവർക്ക് സമൂഹങ്ങളിൽനിന്ന് മാനുഷിക സമൂഹത്തിലേക്ക്

പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയുംപറ്റി ഒരിക്കൽക്കൂടി ചിന്തിക്കാനും സമകാലീനസമ്പർക്കമാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃതവ്യൂഹത്തിൽ, അന്യവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യവ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

### നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ

അനുദിനജീവിതമണ്ഡലത്തിൽനിന്ന് വേർതിരിച്ചറിയാനാവാത്ത വിധം വ്യാപനശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിതസ്ഥിതി. നെറ്റ് നമ്മുടെ കാലഘട്ടത്തിലെ ഒരു വിഭവകേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദനപ്രക്രിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതികവിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധീകരിക്കുമെങ്കിലും അത് തെറ്റായ അറിവു നല്കുന്നതും യാഥാർത്ഥ്യങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികലമാക്കുന്നതുമാണെന്നതും സത്യമാണ്.



ഒരുകാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റുവർക്കുകൾ ഒരുവശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വീണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ ബഹുമാനം നല്കാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ നേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്തമാകുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളിയിംഗിന്റെ പരമ്പരകളിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണാവസ്ഥയിൽ ഇന്റർനെറ്റു തുടങ്ങിയതിന്റെ അടിസ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപ്പറ്റി വീണ്ടും ചിന്തിക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു കണ്ടെത്താൻ ഉപകാരപ്രദമായിരിക്കും. വല എന്ന ബിംബം തിരശ്ചീന രേഖകളുടെയും ലംബരേഖകളുടെയും ബഹുത്വത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു. ഒരു കേന്ദ്രസ്ഥാനമോ ശ്രേണീപരമായ ഘടനയോ ലംബസമാനമായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പുവരുത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതുതാത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയങ്ങളെയോ മുൻനിറുത്തി പരസ്പരം അംഗീകരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ്, (സമൂഹം എന്ന) രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതിബിംബത്തെ, ഓർമിപ്പിക്കുന്നു. സമൂഹം പരസ്പരവിശ്വാസമുള്ളതായിരിക്കുകയും പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതുമായിരിക്കണം. ഐക്യദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷയുടെ ഉത്തരവാദിത്വപൂർണമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പരസ്പരശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ഈ വെർച്ചൽ സമൂഹങ്ങൾ കൂടി

ച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതുതാത്പര്യം മൂലം പരസ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ, സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽപെടാത്തവനോടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനെക്കാൾ നമ്മെ വിഭജിക്കുന്നവയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയത്തിനും എല്ലാതരം മുൻവിധിക്കും (വംശപരം, ലിംഗപരം, മതപരം മുതലായവ) ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യത്തെ ഒഴിവാക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിതമായ വ്യക്തിവാദത്തെ പോഷിപ്പിക്കുന്നു. അങ്ങനെ ലോകത്തിലേക്കുള്ള ഒരു ജനലായിരിക്കേണ്ടത് വ്യക്തിപരമായ സ്വദേഹപ്രേമം പ്രദർശിപ്പിക്കുന്ന ഒരു ഷോകെയ്സായിത്തീരുന്നു.

മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും – നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണമായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന് കഴിയുമെന്ന മിഥ്യാബോധം യുവജനത്തിനാണ് ഏറ്റവും കൂടുതൽ ഉള്ളത്. യുവജനം "സാമൂഹിക താപസന്മാർ" ആയിത്തീരുന്ന അപകടകരമായ ഒരു പ്രതിഭാസം ഉണ്ട്. അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുകയെന്ന അപകടസാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹികബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാവില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗികമോ സാമുഹികമോ നിയമപരമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തുന്നു. അവ സഭയെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെക്കുറിച്ച് തുടക്കത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപരമായ മാർഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ



ഭാവാത്മകമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തരവാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റുവർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെത്താനാവും?

### "നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്"

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽനിന്ന്, ശരീരവും അവയവങ്ങളും എന്ന രൂപകാലങ്കാരത്തിൽനിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധിപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പരബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്: "അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം, നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ്" (എഫേ 4:25). പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പരബന്ധത്തിൽനിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ, നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും "അപരത്വ"ത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏകശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യമില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽനിന്നു പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ – അവശ്യഘടകമായും ബന്ധത്തി

ന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കണ്ടെത്താൻ - നമ്മെ പ്രേരിപ്പിക്കുന്നു.

മനസ്സിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറപ്പിച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടന്നു സ്നേഹമാണ്; അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസാരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു. (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡോഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷൻ, ദേയി വെർബും 2).

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കാനുള്ള - ഒരു സമൂഹത്തിന്റേതായിരിക്കാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടുനടക്കുന്നു. “പരസ്പരബന്ധത്തിൽ പ്രവേശിക്കുക, പരസ്പരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുക - ഇതിനെക്കാൾ സവിശേഷമായ മറ്റൊന്നും നമ്മുടെ പ്രകൃതിയിലില്ല” വിശുദ്ധ ബേസിൽ പറയുന്നു.

ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധ സ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു - നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസംതന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതം ചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നുളവാകുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോടു ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും



ഉള്ളവനായിരിക്കുകയുള്ളൂ. യഥാർത്ഥത്തിൽ, “വ്യക്തി“ എന്ന വാക്ക് ഒരു “മുഖം” എന്ന നിലയിൽ മനുഷ്യജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിത്തീരുന്നത് അതിന്റെ സ്വഭാവം കുറച്ചുമാത്രം ഒറ്റപ്പെട്ടതാകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതിരാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽനിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗം കാണാം.

**‘ലൈക്ക്’ (like) എന്നതിൽനിന്നും ‘ആമ്മേൻ’ എന്നതിലേക്ക്**

ശരീരത്തിന്റെയും അവയവങ്ങളുടെയും ബിംബം നമ്മെ ഒരു കാര്യം ഓർമിപ്പിക്കുന്നു: മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം, ശ്വസനം എന്നിവയിലൂടെ സജീവമായിത്തീരുന്ന ശരീരത്തിലുള്ള കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റിക്കൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം കണ്ണുകളിലേക്കു നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിത്തീരുന്നു. ഒരു സഭാസമൂഹം നെറ്റുവർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി നമ്മിൽനിന്ന് അകന്നിരിക്കുന്ന സൗന്ദര്യത്തിന്റെയോ സഹനത്തിന്റെയോ കഥകളോ അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റ് തരുമ്പോൾ അത് വിഭവമാണ്. ഒന്നിച്ചുപ്രാർത്ഥിക്കാനും നന്മ അന്വേഷിക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായിക്കുന്നു.

ഈ വിധത്തിൽ നമുക്ക് രോഗനിർണയത്തിൽ നിന്ന് ചികിത്സയിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും “പുഞ്ചിരികൾക്കും” വാത്സല്യപ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്നു. ഈ നെറ്റുവർക്കാണ് നമുക്കും വേണ്ടത് - കെണിയിൽപെടാനുള്ളതല്ല

വിമോചിപ്പിക്കാനുള്ളത്, സ്വതന്ത്രജനതയുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭതന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചു നെയ്യപ്പെട്ട ഒരു നെറ്റുവർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം "ലൈക്ക്" അല്ല പിന്നെയോ സത്യത്തിൽ "ആമ്മേൻ" ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

**ഫ്രാൻസിസ് പാപ്പാ**

**CIRCULAR - 20**

## ANNUAL RETREAT FOR PRIESTS

**( July 7 - 19, 2019)**

Dear Reverend Fathers,

The Annual Retreat for the priests of our Archdiocese will be conducted in Ashirbhavan, Ernakulam, as usual in two sessions in the order given below.

The first session of the retreat will begin in the evening of July 7 to 12, 2019 and the second in the evening of July 14 to July 19, 2019. **Very Rev. Fr. Brillis Mathew, Moderator, Community of Grace** has kindly consented to preach the retreat this year.

**Please note your name in the list and in case there is a serious reason for you to change from one batch to the other, please inform Archdiocesan Curia latest by June 25, 2019.**

The Rev. Parish Priests, who leave their parish for the annual retreat, during their absence, shall entrust the care of the parish either to the Assistant Priest, if there is one, or to the priests of the neighbouring parish. I hereby grant necessary faculties to such priests as far as they may need.

The Rev. Fathers may inform the faithful about the annual retreat of the clergy and exhort them to pray for the sanctification of their pastors and all the priests of the Archdiocese.

In accordance with Canon 958/2 the Mass intention books are to be inspected by the Ordinary. Hence all the Rev. Fathers are requested to present their Mass Diaries during the days of retreat for examination. Rev. Fathers whose faculties for hearing confessions expired are hereby reminded to get their faculties duly extended without any break.

With cordial blessings,

Ernakulam
19.05.2019

✠ **Joseph Kalathiparambil**
Archbishop of Verapoly

## ANNUAL RETREAT 2019

**July 7 - 12**

**First Batch**

1. Msgr. Mathew Kallinkal
2. Msgr. Joseph Etturuthil
3. Msgr. Ambrose Arackal
4. Msgr. Antony Kalathiveettil
5. Msgr. Cletus Parambaloth
6. Msgr .Joseph Padiyaramparambil
7. Fr. Aloysius Thaiparambil
8. Fr. Alphonse Panakal
9. Fr. Anton Oliparambil
10. Fr. Antony Arackal (Sr.)
11. Fr. Antony Bibu Kadamparambil
12. Fr. Antony Cheriakadavil
13. Fr. Antony Karippatt
14. Fr. Antony Koppandussery
15. Fr. Antony Raphael Komaranchath
16. Fr. Antony Shine Kattuparambil
17. Fr. Antony Thoppil
18. Fr. Augustine Isaac Kurisinkal
19. Fr. Augustine Laiju Kandanattuthara
20. Fr. Augustine Shelbin Variath
21. Fr. Benson George Alappatt
22. Fr. Clement Valluvassery
23. Fr. Denny Palackaparambil



24. Fr. Francis Dixon Fernandez
25. Fr. Francis Koikaranparambil
26. Fr. Francis Marottikaparambil
27. Fr. George Kuruppath
28. Fr. George Mangalath
29. Fr. George Tinku Punnakkattussery
30. Fr. Jacob Baiju Ben Pashniparambil
31. Fr. Jacob Pattarumadathil
32. Fr. JaisonVadassery
33. Fr. James Shaiju Thoppil
34. Fr. Jerome Chamminikodath
35. Fr. Jibin George Mathirappilly
36. Fr. John Kanakassery
37. Fr. Johnson D'Cunha
38. Fr. Jolly George Chackalackal
39. Fr. Jolly Thappalodath
40. Fr. Jose Dominic Chooreparambil
41. Fr. Josemon George Pazhanilath
42. Fr. Joseph Biju Thattarassery
43. Fr. Joseph Chelat
44. Fr. Joseph Collins Elenjikal
45. Fr. Joseph Joy Mathirappilly
46. Fr. Joseph Karikkassery
47. Fr. Joseph Oliparambil (Jr.)
48. Fr. Joseph Panikkassery.
49. Fr. Joseph Rajan Kizhavana

50. Fr. Joseph Thattarassery
51. Fr. Joseph Thoppil
52. Fr. Joseph Vakayil
53. Fr. Judis Panakal
54. Fr. Koshy Mathew Chellath
55. Fr. Kurian Maraparambil
56. Fr. Leneesh Jose Manakil
57. Fr. Lithin Jose Nedumparambil
58. Fr. Martin Thaiparambil
59. Fr. Martin Azhikkakath
60. Fr. Mathew D'Cunha
61. Fr. Michael D'Cruz Arakal
62. Fr. Michael Thalakketty
63. Fr. Navin Thengapurackal
64. Fr. Norbin Pazhampilly
65. Fr. Patrick Elavunkal
66. Fr. Paul Thundiyil
67. Fr. Paulson Kottiyath
68. Fr. Paulson Simethy
69. Fr. Peter Kochuveettil
70. Fr. Rajeev Jose Kainikat
71. Fr. Rex Joseph Arakkaparambil
72. Fr. Rinoy Joy Kalathiparambil
73. Fr. Rockey Thengapurackal
74. Fr. Roshan Jacob Mulloor
75. Fr. Sabu Nedunilath



76. Fr. Sajeev Roy Thoundayil
77. Fr. Saju Antony Mundempilly
78. Fr. Sebastian George Adichiyil
79. Fr. Sebastian Joby Aseethuparambil
80. Fr. Sebastian Oliparambil
81. Fr. Sebastian Sony Kalathil
82. Fr. Sibi Varghese Thaiparambil
83. Fr. Sijo George Kurisummootil
84. Fr. Stanley Mathirappilly
85. Fr. Stephen Alathara
86. Fr. Thadeus Babu Vavakatt
87. Fr. Thomas Pulickal
88. Fr. Thomas Shobin Kuttikkatt
89. Fr. Titus Antony Kurisuveettil
90. Fr. Varghese Sojan Thoppil
91. Fr. Varghese Valiyaparambil
92. Fr. Vimal Francis Pandaraparambil
93. Fr. Vincent Naduvilaparambil
94. Fr. Vincent Variath
95. Fr. Xavier Sajan Padiyaramparambil
96. Fr. Xavier Sebastian Padiyaramparambil
97. Fr. Zacharias Pavanathara

## ANNUAL RETREAT 2019

**July 14 - 19**

### Second Batch

1. Msgr. Mathew Elanjimattom
2. Msgr. Sebastian Luiz
3. Msgr. Joseph Thannikot
4. Fr. Alex Chinganthara
5. Fr. Alex Kurisuparambil
6. Fr. Alwin Paul Mattupurath
7. Fr. Anil Antony Theruvil
8. Fr. Antony Anand Mannalil
9. Fr. Antony Arackal (Jr)
10. Fr. Antony Dominic Figarado
11. Fr. Antony Hashbin Kadamparambil
12. Fr. Antony Jibin Kaimaleth
13. Fr. Antony Kocherry
14. Fr. Antony Lijo Odathakal
15. Fr. Antony Mulloor
16. Fr. Antony Valumkal
17. Fr. Antony Vellayil
18. Fr. Augustine Baiju Kuttikkal
19. Fr. Augustine Roshan Kalloor
20. Fr. Bevin Thomas Kalloor
21. Fr. Bijoy Augustine Marottickal
22. Fr. Binil Sebastian Palliparambil
23. Fr. Charles Lopez
24. Fr. Denny Mathew Peringat



25. Fr. Dominic Kanappilly
26. Fr. Douglas Pinheiro
27. Fr. Ebigin Arackal
28. Fr. Ebin Jos Variath
29. Fr. Felix Chackalackal
30. Fr. Felix Chullickal
31. Fr. Fostin Fernandez Janmaparambil
32. Fr. Francis D'Silva
33. Fr. Francis Glanson Aruja
34. Fr. Francis Peediekal
35. Fr. Francis Xavier Thannikaparambil
36. Fr. Francis Xavier Dinoy Rebera Kaniyath
37. Fr. George Arackal
38. Fr. George Jithu Vattappilly
39. Fr. George Jobin Ourev
40. Fr. George Kalathiparambil
41. Fr. George Mathirapilly
42. Fr. George Sequeira
43. Fr. George Vettaparambil
44. Fr. Gino George Kadungamparambil
45. Fr. Jayan Payyappilly
46. Fr. Jeen Felix Kattassery
47. Fr. Jenin Antony Marottiparambil
48. Fr. Jenson Livera Ithithara
49. Fr. Jiju Cleetus Thiyadi
50. Fr. Job Vazhakoottathil
51. Fr. Jobin Panikulam

52. Fr. Joby Alappatt
53. Fr. John Capistan Lopez
54. Fr. John Christopher Vadassery
55. Fr. John Palliparambil
56. Fr. Joji Kuthukatt
57. Fr. Jolly John Odathackal
58. Fr. Jose Thannipilly
59. Fr. Joseph Antony Palliparambil
60. Fr. Joseph Benny Karingat
61. Fr. Joseph Biju Kalloor
62. Fr. Joseph Binu Pandaraparambil
63. Fr. Joseph Joshy Nedumparambil
64. Fr. Joseph Lixon Aswez
65. Fr. Joseph Sangeeth Adichiyil
66. Fr. Joseph Sherin Chemmayath
67. Fr. Joseph Vibin Choothamparambil
68. Fr. Justin Attullil
69. Fr. Lazer Sinto Thaiparambil
70. Fr. Manoj Francis Marottickal
71. Fr. Manuel Kuthukatt
72. Fr. Manuel Lopez
73. Fr. Marydas Kochery
74. Fr. Mathew Jomson Thottunkal
75. Fr. Mathew Sojan Maliekal
61. Fr. Merton D'Silva Malieckal
76. Fr. Midhun Joseph Chemmayath
77. Fr. Nibin Kuriakose Pappaliparambil



78. Fr. Paul Nidhin Kuttissery
79. Fr. Paxon Francis Palliparambil
80. Fr. Peter Ambalathinkal
81. Fr. Philip Shine Chilangara
82. Fr. Philip Thaiparambil
83. Fr. Prasad Jose Kanapilly
84. Fr. Prince Xavier Kannothuparambil
85. Fr. Raphael Kalluveettil
86. Fr. Raphael Shinoj Arancherry
87. Fr. Raymond Pallan
88. Fr. Robinson Panackal
89. Fr. Rockey Joslin Chakkalakkal
90. Fr. Rockey Kollamparambil
91. Fr. Rony Joseph Manakil
92. Fr. Sebastian Karukappilly
93. Fr. Sebastian Moonukoottungal
94. Fr. Shine Pauly Kalathil
95. Fr. Smijo George Kalathiparambil
96. Fr. Thomas Chinganthara
97. Fr. Tijo Thomas Kolothumveettil
98. Fr. Yesudas Pazhampilly

**NOTIFICATION - 9**

## TRANSFERS AND APPOINTMENTS

1. **Rev.Fr. Alwin Paul Mattupurath**
Asst. Parish Priest
St. George's Church
Vadel, Nayarambalam P.O.- 682 509

2. **Rev. Fr. Bevin Thomas Kalloor**
Asst. Parish Priest
St. Francis Xavier's Church, Kaloor
Cochin - 682 017

3. **Rev.Fr. George Jithu Vattappilly**
Asst. Parish Priest
Holy Family Church.
S. Chittoor, Cochin - 682 027.

4. **Rev. Fr. Augustine Roshan Kalloor**
Priest in Charge
Holy Cross Church
Nettoor - 682040

5. **Rev. Fr. Lithin Jose Nedumparambil**
Asst. Parish Priest
St. Francis Xavier's Church, Kaloor
Cochin - 682 017.

6. **Rev. Fr. Shinoj Raphael Aranchery**
Asst. Parish Priest
Cruz Milagris Church
Kurisinkal, Ochanthuruth - 682 508.



7. **Rev. Fr. Rinoy Joy Kalathiparambil**
Studies

8. **Rev. Fr. Antony Jibin Kaimaleth**
Asst. Parish Priest
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

9. **Rev.Fr. Ebin Jos Variath**
Asst. Parish Priest
Holy Family Church
Perumpilly, Narakkal P.O.- 682 505.

10. **Rev. Fr. Smijo George Kalathiparambil**
Asst. Parish Priest
St. John the Baptist Church
Palarivattom, Cochin - 682 025

11. **Rev. Fr. Thomas Shobin Kuttikatt**
Priest in Charge
St. Joseph's Church
Kadapuram, Malipuram

12. **Rev. Fr. Nibin Kuriakose Pappaliparambil**
Asst. Parish Priest
St. Ambrose Church
Edavanakad - 682 502.

13. **Rev.Fr. Jobin Panikulam**
Asst. Parish Priest
St. Mary Magdalene's Church
Moothedom, Maradu - 682 304

14. **Rev.Fr. Rockey Joslin Chakkalakkal**
Asst. Parish Priest, St. Michael's Church
Chembumukku, Kakkanad, Thrikkakara P.O.
Cochin - 682 021.

15. **Rev.Fr. Joby Alappatt**
Asst. Parish Priest
St. Philomena's Church & St. Kuriakose
Elias Chavara Shrine
Koonammavu - 683 518

16. **Rev. Fr. Anil Antony Theruvil**
Asst. Parish Priest
St. Francis Assisi Cathedral
Ernakulam, Cochin - 682 031

17. **Rev.Fr. Antony Hashbin Kadamparambil**
Asst. Parish Priest
St. James Church, Cheranellur 682 034

18. **Rev.Fr. Roshan Jacob Mulloor**
Asst. Parish Priest
St. Joseph's Church, Thevara, Cochin - 682 013.

19. **Rev. Fr. Josemon George Pazhanilath**
Asst. Parish Priest
Our Lady of Perpetual Help Church
Valappu, Ochanthuruth - 682 508.

20. **Rev. Fr. Midhun Joseph Chemmayath**
Asst. Parish Priest
Our Lady of Immaculate Conception Church
Koratty - 680 309.



21. **Rev. Fr. Fostin Fernandez Janmaparambil**
Asst. Parish Priest
St. Raphael's Church
Thykoodom, Cochin - 682 019.

22. **Rev. Fr. Jose Dominic Chooreparambil**
Priest in Charge
St. Antony's Church, Chirayam

23. **Rev. Fr. Paxon Francis Palliparambil**
Asst. Parish Priest
St. George's Church
Perumanoor, Cochin - 682 016.

24. **Rev.Fr. Francis Xavier Dinoy Rebera Kaniyath**
Asst. Parish Priest
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

26. **Rev.Fr. Benson George Alappatt**
Asst. Parish Priest
St. Antony's Church
Vaduthala, Cochin - 682 023.

27. **Rev.Fr. Koshy Mathew Chellath**
Asst. Parish Priest
Infant Jesus Church, EKM, Cochin 682031
& Asst. Director, Navadarsan

28. **Rev. Fr. Jacob Prajosh IVD**
Asst. Parish Priest
St. George's Church
Karthedom, Malipuram P.O- 682 511.

29. **Rev. Fr. Lazer Sinto Thaiparambil**
    Asst. Parish Priest
    Mount Carmel Church
    Chathiath, Cochin - 682 012.

30. **Rev. Fr. George Tinku Punnakkattussery**
    Asst. Priest
    St. Jude Thaddeus Church
    Kidangoor, Yoodhapuram - 683591

31. **Rev. Fr. Sibi Varghese Thaiparambil**
    Asst. Parish Priest
    Little Flower Church,
    Pottakuzhy., N. Kaloor - 682 017

32. **Rev. Fr. Manoj Francis Marottickal**
    Asst. Parish Priest
    St. Anne's Church, Thottakattukara
    Alwaye - 683 108.

33. **Rev. Fr. Merton D'Silva Malieckal**
    Priest in Charge
    St. Joseph's Church
    Kadamakkudy

34. **Rev. Fr. Vinod Kanadamparambil IVD**
    Asst. Parish Priest
    Sacred Heart of Jesus Church
    Kothad - 682 027.

36. **Rev. Fr. Raphael Kalluveettil**
    Studies, Pune



37. **Rev. Fr. Paul Nidhin Kuttissery**
    Studies, Pune

38. **Rev. Fr. Joseph Karikkassery**
    Studies
    Navajeevan Animation Centre, Thottuva (Residence)

39. **Rev. Fr. Sebastian Sony Kalathil**
    Asst. Director
    Lourdes Hospital
    Pachalam, Cochin - 682 012.

40. **Rev.Fr. Clint Vincent, OCD**
    Asst. Parish Priest
    Immaculate Conception Church
    Manjummel - 683 501.

41. **Rev.Fr. Paul Jose Thattamangalath, OCD**
    Asst. Parish Priest
    Mount Carmel & St. Joseph's Church
    Varappuzha - 683 517.

42. **Rev. Fr. Vinod Varghese Thettininnapurayidom, OSJ**
    Asst. Parish Priest
    St. Francis Xavier's Church
    Manjanakad, Narackal P.O. - 682 505.

Ernakulam | Chancellor

**NOTIFICATION - 10**

## FORANE DIRECTOR OF COMMISSION FOR CATECHETICS

**FORANE I**

**Rev. Fr. Anil Antony Theruvil**
Asst. Parish Priest
St. Francis Assisi Cathedral
Ernakulam, Cochin - 682 031

**FORANE II**

**Rev. Fr. Antony Hashbin Kadamparambil**
Asst. Parish Priest
St. James Church, Cheranellur 682 034

**FORANE III**

**Rev.Fr. Rockey Joslin Chakkalakkal**
Asst. Parish Priest, St. Michael's Church
Chembumukku, Kakkanad, Thrikkakara P.O.
Cochin - 682 021.

**FORANE IV**

**Rev. Fr. George Jobin Ourev**
Special Service
St. Joseph's Church , Cheppanam

**FORANE V**

**Rev. Fr. Vincent Naduvilaparambil**
Parish Priest
St. Jude Thaddeus Church
Unichira, Cochin - 682 033.



**FORANE VI**

**Rev. Fr. Jenin Antony Marottiparambil**
Priest in Charge
Our Lady of Health Church, Ponjassery

**FORANE VII**

**Rev. Fr. Jose Dominic Chooreparambil**
Priest in Charge
St. Antony's Church, Chirayam

**FORANE VIII**

Rev. Fr. Sijo George Kurisummootil
Parish Priest
St. Sebastian's Church, Puthuvaippu - 682 508.

Ernakulam　　　　Chancellor

**NOTIFICATION - 11**

***The following decons become priests***

Dn.George Tinku Punnakkattussery

Dn. Paxon Francis Palliparambil

Dn. Lithin Jose Nedumparambil

Dn. Nibin Kuriakose Pappaliparambil

Ernakulam　　　　Chancellor

# CASUS
## May, 2019

Received from the Lord and handed on by the apostles (I Cor; 11: 23), the first sacrament that was celebrated after the birth of the Church by the gift of the Holy Spirit at Pentecost appears to be the Eucharist. On March 25, 2004 the Congregation for Divine Worship and the Discipline of the Sacrament issued the instruction on certain matters to be observed or to be avoided regarding the Most Holy Eucharist, *Redemptionis Sacramentum*. This *Instruction* clearly prohibits the multiplication of masses stating "**Masses are not to be multiplied contrary to the norm of law**" (no. 116). On May 25, 1967 the Sacred Congregation of Rites issued the instruction on Eucharistic Worship, *Eucharisticum Mysterium*, which stated in no. 26: "On Sundays and feast days above all, the celebrations which take place in other churches or oratories should be arranged in connection with the celebrations in the parish church so that they contribute to the general pastoral effort. It is preferable that small religious non-clerical communities and other similar communities, especially those that work in the parish, should take part in the parish Mass on these days. **As regards the time and number of Masses to be celebrated in parishes, the good of the parish community should be kept in mind and the number of Masses should not be so multiplied as to weaken the effectiveness of the pastoral effort**; for example: if through the great number of Masses, only small groups of the faithful were to come to each of the Masses in a church that can hold a great number of people. Another example would be if, for the same reason, the priests were so overburdened by their work as to make it difficult for them to fulfill their ministry adequately".



1. How many masses can be celebrated in a day? (Can. 905 § 1)
2. What are the principle occasions that the Law permits a priest to celebrate or concelebrate more than once a day? (GIRM =General Instruction of the Roman Missal, n. 158)
3. Who has the power to allow bination and trination of Masses in parishes? (Can. 905 § 2)
4. Is the presence of faithful necessary for the Eucharistic celebration? (Can. 906)
5. What are the basic regulations on mass offerings? (Canons: 947-951)
6. What does the Law say about the Interdenominational Concelebration? (Can. 908)
7. What do you think about the attitude of some of our priests who unnecessarily multiply the celebration of masses on their own account?
8. How do we celebrate Mass for the Dead? Are there any prohibited days by law for the Mass for the dead?

   (See GIRM, nn. 379-385).

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21